## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4909 18.12.2014 ലെ മറുപടിയ്ക്ക്

**പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ക്വാർട്ടേഴ്സുകളിലെ വൈദ്യുതി ചാർജ്ജ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സർക്കാർ ഉദ്യോഗസ്ഥരുടെ ക്വാർട്ടേഴ്സുകളിൽ വൈദ്യുതി ചാർജ്ജിന്റെ ഭാഗമായുള്ള എ.സി.ഡി. ബിൽ വഴി വൻതുക ഈടാക്കുന്നത് പരിശോധിച്ചിട്ടുണ്ടോ;<br>(ബി) ക്വാർട്ടേഴ്സുകളുടെ കാലപ്പഴക്കവും, കാലഹരണപ്പെട്ട വയറിംഗ് സംവിധാനവും ഇതിന് കാരണമാകുന്നു എന്ന വസ്തുത പരിശോധിക്കുമോ; | (എ) & (ബി) സർക്കാർ ഉദ്യോഗസ്ഥരുടെ ക്വാർട്ടേഴ്സുകളിൽ വൈദ്യുതി ചാർജ്ജിന്റെ ഭാഗമായുള്ള എ.സി.ഡി. ബിൽ വഴി വൻതുക ഈടാക്കുന്നത് ശ്രദ്ധയിൽ-പ്പെട്ടിട്ടില്ല. ക്വാർട്ടേഴ്സുകളുടെ കാലപ്പഴക്കവും കാലഹരണപ്പെട്ട വയറിംഗ് സംവിധാനവും വൈദ്യുതി ഉപഭോഗം കൂടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. അറ്റകുറ്റപ്പണികൾ യഥാസമയം നടത്തിവരുന്നുണ്ട്. |
| (സി) സർക്കാർ ക്വാർട്ടേഴ്സുകളുടെ എ.സി.ഡി. ചാർജ്ജ് പൊതുമരാമത്ത് വകുപ്പ് ക്വാർട്ടേഴ്സ് താമസക്കാരായ ജീവനക്കാർക്ക് തിരിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ; | (സി) വൈദ്യുതി ഉപഭോഗം കുറയുന്നതിനനുസരിച്ച് എ.സി.ഡി. ചാർജ്ജ് വൈദ്യുതി ബോർഡ് ബില്ലിൽ അഡ്ജസ്റ്റ് ചെയ്ത് നൽകാറുണ്ട്. |
| (ഡി) മുൻ സർക്കാരിന്റെ കാലത്ത് എ.സി.ഡി. ചാർജ്ജ് ജീവനക്കാർക്ക് കിഴിവ് ചെയ്ത് നൽകിയത് ശ്രദ്ധയിലുണ്ടോ; വിശദമാക്കാമോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Mayed

**സെക്ഷൻ ഓഫീസർ**